# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.126 02.05.2017 ൽ മറുപടിയ്ക്ക്**

**കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.എൻ. വിജയൻ പിള്ള | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമത്തിനെതിരെ തൊഴിലാളി സംഘടനകൾ ഒറ്റക്കെട്ടായി നടത്തിയ സമരത്തിനാധാരമായി ഉയർത്തിയ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിരുന്നു. |
| (ബി) | യാത്രാ, ചരക്കു വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്ന കാര്യത്തിലും യൂബർ, ഓല തുടങ്ങിയ യാത്രാവാഹന സംഘാത കമ്പനികൾക്ക് നിർബന്ധമായും അനുമതി നൽകണമെന്ന വ്യവസ്ഥകൾ തുടങ്ങിയവയും സംസ്ഥാന സർക്കാരിന്റെ നിയമപരമായ അധികാരത്തിൻമേലുള്ള കടന്നുകയറ്റമായതിനാൽ ഭേദഗതി പിൻവലിക്കാൻ ആവശ്യപ്പെടുമോ; | (ബി) | യൂബർ, ഓല മുതലായ കമ്പനികൾ വാടകയ്ക്കുള്ള വാഹനങ്ങളെ സാങ്കേതിക വിദ്യാധിഷ്ഠിതമായ തട്ടിൽ ഒന്നിച്ചുകൊണ്ടുവന്ന് ആവശ്യക്കാർക്കെത്തിച്ചുകൊടുക്കുന്ന സംവിധാനം കുറച്ചു നാളായി കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും നടത്തിവരുന്നുണ്ട്. പുതിയ മോട്ടോർ വാഹന (ഭേദഗതി) നിയമത്തിലെ പരിഷ്കരിച്ച സെക്ഷൻ 94 പ്രകാരം ഇത്തരത്തിൽ പ്രവർത്തിക്കുന്ന കമ്പനികളെ 'ഏജന്റ്/ കാൻവാസ്സർ/അഗ്രിഗേറ്റർ' എന്ന ഗണത്തിൽ പ്പെടുത്തി ലൈസൻസിന് വിധേയമായി പ്രവർത്തിപ്പിക്കേണ്ടതായി നിഷ്കർഷിക്കുന്നുണ്ട്. സംസ്ഥാന സർക്കാരുകൾ ഇത്തരത്തിൽ ലൈസൻസ് നൽകുമ്പോൾ കണക്കിലെടുക്കേണ്ട വസ്തുതകളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും നിയമത്തിൽ പറയുന്നുണ്ട്. അതിന്റെ വരും വരായ്മകൾ അത്തരത്തിലുള്ള നിർദ്ദേശമോ ചട്ടങ്ങളോ പുറത്തു വന്നാലേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | 'കാൽനടയാത്രക്കാർക്കും യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങൾക്കും പൊതു സ്ഥലങ്ങളിൽ നിയന്ത്രണമേർപ്പെടുത്താൻ സംസ്ഥാന സർക്കാരുകൾക്ക് നടപടിയെടുക്കാവുന്നതാണ് ' മുതലായ ദ്രോഹ വ്യവസ്ഥകൾ നിയമഭേദഗതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ? | (സി) | മോട്ടോർവാഹന ആക്ടിൽ പുതിയതായി ചേർക്കപ്പെട്ട സെക്ഷൻ 138(1)(എ) പ്രകാരം റോഡ് സുരക്ഷയ്ക്കായി കാൽനട യാത്രക്കാരുടേയും യന്ത്രവത് കൃതമല്ലാത്ത വാഹനങ്ങളുടേയും പൊതുസ്ഥലങ്ങളിലുള്ള സ്വാതന്ത്ര്യം നിയന്ത്രിയ്ക്കാമെന്ന് നിഷ് കർ ഷിക്കുന്നുണ്ട്. ഇതിനുള്ള അധികാരം സംസ്ഥാന സർ ക്കാരിനാണ് നൽ കിയിരിക്കുന്നത്. ഇതു സംബന്ധിച്ച ചട്ടങ്ങളിൽ കാൽനടയാത്രക്കാർക്കും യന്ത്രവത് കൃതമല്ലാത്ത വാഹനങ്ങൾക്കും ദോഷകരമാകാത്ത രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രദ്ധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ